# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2352 17/08/2017-ൽ മറുപടിയ്ക്ക്

## ഗോത്രബന്ധു പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ<br>" ഐ. സി. ബാലകൃഷ്ണൻ<br>" കെ. എസ്. ശബരീനാഥൻ<br>" എൽദോസ് പി. കുന്നപ്പിള്ളിൽ : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | വിദ്യാലയങ്ങളിൽ നിന്നുള്ള ആദിവാസി കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനായി ഗോത്ര ബന്ധു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | വിദ്യാലയങ്ങളിൽ നിന്നുള്ള ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി ഈ സർക്കാർ ഗോത്രബന്ധു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**ഗോത്രബന്ധു പദ്ധതി**<br><br>വയനാട് ജില്ലയിലെ പ്രൈമറി ക്ലാസു കളുള്ള 241 സർക്കാർ/ എയ്ഡഡ് സ്കൂളു കളിൽ ജില്ലയിലെ പിന്നോക്ക ഗോത്ര വിഭാ ഗങ്ങളായ അടിയർ, പണിയർ, ഊരാളി, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽ നിന്നും 1 മുതൽ 4-ാം ക്ലാസുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യരിൽ നിന്നും തിരഞ്ഞെടുക്കുന്നവരെ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതിയാണ് "ഗോത്രബന്ധു പദ്ധതി".<br><br>സർക്കാർ ഉത്തരവ്(സാധാ) നം 229/17/പജ.പവ.വിവ. തീയതി. 24/01/17 പ്രകാരം വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻബത്തേരി താലൂ ക്കുകളിലായി 241 സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ ടി.ടി.സി./ ബി.എഡ്/ ഡി. എഡ്. പാസ്സായ പട്ടികവർഗ്ഗക്കാരിൽ |

| | | | |
|---|---|---|---|
| | | | നിന്നും തെരഞ്ഞെടുക്കപ്പെട്ടവരെ മെന്റർ ടീച്ചർമാരായി നിയമിക്കുകയും സർക്കാർ ഉത്തരവ് (സാധാ)നം.1549/17/പജ.പവ.വിവ. തീയതി. 17/06/17 പ്രകാരം ടി ടീച്ചർമാർക്ക് ഓണറേറിയമായി 15,000/- രൂപ പ്രതിമാസം അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.<br><br>ജില്ലയിലെ പിന്നോക്ക ഗോത്ര വിഭാഗങ്ങളായ അടിയർ, പണിയർ, ഊരാളി, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽ നിന്നും 1 മുതൽ 4 വരെ പഠിക്കുന്ന കുട്ടികളുടെ ഇടയിലെ കൊഴിഞ്ഞുപോക്ക് തടഞ്ഞ് വിദ്യാലയങ്ങളിൽ എത്തിക്കുകയും വിദ്യാഭ്യാസ ഉന്നമനത്തിനായി പഠന പ്രവർത്തന നിർവ്വഹണത്തിൽ ഒന്നാം ക്ലാസിലെ ടീച്ചറോടൊപ്പം നിന്ന് ഗോത്ര വർഗ്ഗ വിദ്യാർത്ഥികളെ സഹായിക്കുകയും സ്കൂളിലെ മറ്റ് വിദ്യാർത്ഥികൾക്കൊപ്പം ഈ വിദ്യാർത്ഥികളെ ഇടപഴകിക്കാനും ഉള്ള വേദിയൊരുക്കുകയും ചെയ്യുക, ഗോത്ര ഭാഷ, സംസ്കാരം, എന്നിവയിൽ പൊതുധാരണ നൽകുകയും ചെയ്യുക എന്നത് ഗോത്രബന്ധുപദ്ധതി പ്രകാരം നിയമിച്ചിട്ടുള്ള മെന്റർടീച്ചർമാരുടെ പ്രവർത്തനങ്ങളാണ്.<br><br>ഇതിനുപുറമെ ഗോത്രഭാഷയിൽ വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുക്കുക എന്ന ദൗത്യവും ഇവർ നിർവ്വഹിക്കുന്നുണ്ട്.<br><br>2017-18 സാമ്പത്തിക വർഷം ഗോത്ര ബന്ധു പദ്ധതിക്കായി 4 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 1,70,00,000/- രൂപ മെന്റർ ടീച്ചർമാർക്ക് ഓണറേറിയം നൽകുന്നതിനായി അനുവദിച്ചു നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി വിദ്യാലയങ്ങളിൽ നിന്നും എത്ര ആദിവാസി കുട്ടികൾ പഠനം ഉപേക്ഷിച്ചുവെന്ന് വ്യക്തമാക്കാമോ? | (ബി) | കഴിഞ്ഞ മൂന്നു വർഷങ്ങളിലായി വിദ്യാലയങ്ങളിൽ നിന്നും പഠനം ഉപേക്ഷിച്ചവരുടെ ആകെ എണ്ണം 4314 ആണ്. |

സെക്ഷൻ ഓഫീസർ